## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5290** **05.07.2012 ൽ മറുപടിയ്ക്ക്**

### തേക്കടി പെരിയാർ ടൈഗർ റിസർവ്വ് റെയിഞ്ച് ഓഫീസിലെ ഹെഡ് അക്കൗണ്ടൻറ് തസ്തിക

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ | | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) | |
| (എ) | തേക്കടി പെരിയാർ ടൈഗർ റിസർവ്വ് റെയിഞ്ച് ഓഫീസിലെ ഹെഡ് അക്കൗണ്ടൻറ് തസ്തിക തിരുവനന്തപുരം ഹെഡ്ക്വാർട്ടേഴ്സിലേക്ക് പുനർ വിന്യസിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള അടിയന്തിര പ്രാധാന്യമെന്തെന്ന് വിശദമാക്കുമോ; | (എ) | വനം വകുപ്പിൻെറ ആധുനീകവത്ക്കരണത്തിൻെറ ഭാഗമായി വനം വകുപ്പ് ആസ്ഥാനത്തെ ഭരണവിഭാഗം മുഖ്യവനപാലകൻെറ ഓഫീസിൽ ജോലിഭാരം വർദ്ധിച്ചതിനാലാണ് തേക്കടി പെരിയാർ ടൈഗർ റിസർവ്വ് റെയിഞ്ച് ഓഫീസിലെ ഹെഡ് അക്കൗണ്ടൻറ് തസ്തിക തിരുവനന്തപുരത്തുള്ള വകുപ്പ് ആസ്ഥാനത്തേയ്ക്ക് പുനർവിന്യാസം നടത്തേണ്ടി വന്നത്. |
| (ബി) | തേക്കടി റെയിഞ്ച് ഓഫീസിലെ ഒരു ദിവസത്തെ ശരാശരി കളക്ഷൻ എത്ര രൂപയാണ് എന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഓഫീസിലെ ഏത് തസ്തികയിലുള്ള ജീവനക്കാരനാണ് ഇത് കൈകാര്യം ചെയ്തുകൊണ്ടിരുന്നത്; ഇപ്പോൾ ആരാണ് കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | തേക്കടി റെയിഞ്ചിലെ ഒരു ദിവസത്തെ ശരാശരി റവന്യൂ വരുമാനം ₹ 88,000/ രൂപയായി കണക്കാക്കിയിട്ടുണ്ട്. ഹെഡ് അക്കൗണ്ടൻറ് തസ്തികയിലെ ജീവനക്കാരനാണ് 19.05.2012 വരെ തേക്കടി റെയിഞ്ചിലെ പണമിടപാടുകൾ ചെയ്തു വന്നത്. ഇപ്പോൾ ആയത് ക്ലാർക്ക് തസ്തികയിലെ ജീവനക്കാരൻ ചെയ്തു വരുന്നു. |
| (സി) | ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകാൻ വേണ്ടി തസ്തികകൾ പുനർവിന്യസിക്കുന്ന നടപടി നിയമാനുസൃതമാണോ; വ്യക്തമാക്കുമോ; | (സി) | ഭരണസൗകര്യത്തിനുവേണ്ടി തസ്തികകൾ പുനർവിന്യാസം നടത്താറുണ്ട്. സ്ഥലം മാറ്റം നൽകുവാൻ വേണ്ടി പുനർ വിന്യാസം നടത്താറില്ല. |
| (ഡി) | അല്ലെങ്കിൽ ഇത്തരം പുനർവിന്യാസം വഴി നേടിയ സ്ഥലംമാറ്റങ്ങൾ റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**